# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.06.2026**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫ്രാൻസ്, സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. നാളെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച.

2. അസമിൽ വ്യോമസേന വിമാനം തകർന്ന് അഞ്ച് സൈനികർ വീരമൃത്യു വരിച്ച സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് .

3. സംസ്ഥാനത്ത് നിപാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര സംഘം കോഴിക്കോട്.

4. കേരളത്തെ മയക്കുമരുന്നു മുക്തമാക്കാനുള്ള പ്രവർത്തനങ്ങളിൽ രാഷ്ട്രീയത്തിനതീതമായി എല്ലാവരും അണിനിരക്കണമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

6. ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ത്യ - പാകിസ്ഥാൻ മത്സരം നാളെ.

&&&&&&&&&&&&&&&&&&

RNU TVPM

## പി.എം - സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറ് ദിവസത്തെ ഫ്രാൻസ്, സ്ലോവാക്യ സന്ദർശനത്തിന് തുടക്കമായി. നാളെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഈ മാസം 16, 17 തീയതികളിൽ ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന ജി-7 ഉച്ചകോടിയെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ സ്ലോവാക്യ സന്ദർശിക്കുന്ന ശ്രീ മോദി സ്ലോവാക്യൻ പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

## പി.എം. - സ്ലാവാക് - സന്ദർശനം (ഇൻട്രോ)

സ്ലോവാക്യ സന്ദർശനത്തിനെത്തുന്ന പ്രധാനമന്ത്രിയെ വ്യത്യസ്തമായ രീതിയിൽ സ്വീകരിക്കാനുള്ള ഒരുക്കത്തിലാണ് ബ്രാട്ടിസ്ലാവയിലെ ഇന്ത്യൻ സമൂഹം.

**കൂടുതൽ വിവരങ്ങളുമായി ബ്രാട്ടിസ്ലാവയിൽ നിന്നും ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..... (വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&

## അസം - വിമാനം

അസമിലെ ജോർഹത്തിൽ വ്യോമസേനയുടെ എ എൻ 32 വിമാനം തകർന്ന് അഞ്ച് സൈനികർ കൊല്ലപ്പെട്ട സംഭവത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ദുഃഖം രേഖപ്പെടുത്തി. സ്ക്വാഡ്രൺ ലീഡർ പ്രശാന്ത് സിംഗ്, ഫ്ലൈറ്റ് ലെഫ്റ്റനന്റ് ശുഭം കുമാർ, സർജന്റ് ജിതേന്ദ്ര ശർമ്മ, അഗ്നിവീർമാരായ ഖേമരം കുമാവത്ത് , ഡാനിഷ് അസ്‌ലം എന്നിവരാണ് അപകടത്തിൽ വീരമൃത്യു വരിച്ചത്.

&&&&&&&&&&&&&&&&&&

## കോഴിക്കോട് - നിപ (ഇൻട്രോ)

സംസ്ഥാനത്ത് നിപാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട്

മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. അതിനിടെ സമ്പർക്കപ്പട്ടികയിലുള്ള 3 പേരുടെ പരിശോധന ഫലം നെഗറ്റീവ് ആയി. നിപ സാഹചര്യം വിലയിരുത്താനായി കേന്ദ്ര സംഘം കോഴിക്കോട് എത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.... (വോയ്സ്)**

&&&&&&&&&&&&&&&&&&

**നിപ - മന്ത്രി അനിൽകുമാർ**

നിപ രോഗബാധ സ്ഥിരീകരിച്ച പ്രദേശത്തെ 320 വീടുകളിലും ഫീൽഡ് വർക്കർമാർ സന്ദർശനം നടത്തിയതായി മന്ത്രി എ പി അനിൽകുമാർ. രോഗം പടർന്നിട്ടില്ലെന്നും ലക്ഷണങ്ങൾ ഉള്ളവരെ പരിശോധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യമന്ത്രി നാളെ കോഴിക്കോട് എത്തുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**കെ.കെ. ശൈലജ**

നിപ പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യമന്ത്രി കോഴിക്കോട് എത്തി ഏകോപനം നടത്തേണ്ടതായിരുന്നുവെന്ന് മുൻ ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. ഏകോപനത്തിൽ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്നും ഈ ഘട്ടത്തിൽ കുറ്റപ്പെടുത്താൻ ഇല്ലെന്നും ശ്രീമതി കെ. കെ. ശൈലജ കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

**ഷിഗല്ല**

സംസ്ഥാനത്ത് ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ നേതൃത്വത്തിൽ ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ന് തൃശൂർ വടക്കാഞ്ചേരി മംഗലത്ത് 2 കുട്ടികൾക്ക് രോഗബാധ സ്ഥിരീകരിച്ചു. പ്രദേശത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## രമേശ് ചെന്നിത്തല

കേരളത്തെ മയക്കുമരുന്നു മുക്തമാക്കാനുള്ള കർശന നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. രാഷ്ട്രീയത്തിനതീതമായി എല്ലാവരും ഇതിനായി കൈകോർക്കണമെന്നും അദ്ദേഹം പറഞ്ഞു. ജൂൺ 26 മുതൽ തൂഫാൻ ക്യാമ്പയിനിന്റെ രണ്ടാംഘട്ടം ആരംഭിക്കുമെന്നും മന്ത്രി മലപ്പുറം എടപ്പാളിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ആയുഷ് മന്ത്രാലയം

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം പരിപാടികൾ സംഘടിപ്പിക്കുന്നു. ഗിന്നസ് ലോക റെക്കോർഡ് ലക്ഷ്യമിട്ടുകൊണ്ട് ഒരേസമയം ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന യോഗ സെഷൻ നാളെ രാവിലെ 06:15 മുതൽ 07:35 വരെ ആയുഷ് മന്ത്രാലയത്തിന്റെ യൂട്യൂബ് ചാനലിലൂടെ സംഘടിപ്പിക്കും. ജൂൺ 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

RNU TVPM

&&&&&&&&&&&&&&&&&&

## ഗഡ്കരി - 12 വർഷം

രാജ്യത്തുടനീളം 1,600 ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. കഴിഞ്ഞ 12 വർഷത്തിനിടെ കേന്ദ്ര സർക്കാർ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച് നാഗ്പൂരിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## മോഹൻ ഭാഗവത്

എല്ലാ മേഖലകളിലും രാജ്യം ലോകത്തിന് വഴികാട്ടിയാണെന്ന് ആർ.എസ്.എസ് സർ സംഘചാലക് മോഹൻ ഭാഗവത്. ആർ എസ് എസ് ശതാബ്ദിയുടെ ഭാഗമായി തിരുവനന്തപുരത്ത് പ്രഭാഷണ സഭയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. വസുധൈവ കുടുംബകമാണ് നമ്മുടെ സന്ദേശമെന്നും ആഗോള

താപനം മുന്നിൽകണ്ട് സൌരോർജ്ജത്തിന് പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു. നാളെ തൃശൂരിലെ പരിപാടിയിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി - "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

## സംസ്ഥാനം മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ആലപ്പുഴ - പനി (ഇൻട്രോ)

മഴക്കാലം ആരംഭിച്ചതോടെ ആലപ്പുഴ ജില്ലയിൽ പനി ബാധിതരുടെ എണ്ണത്തിൽ വൻ വർധന. പുതുതായി വെസ്റ്റ്

നൈൽ രോഗം കൂടി സ്ഥിരീകരിച്ചതോടെ ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

(വോയ്സ്)

&&&&&&&&&&&&&&&&&&

## വനിത ടി - 20

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ത്യ - പാകിസ്ഥാൻ മത്സരം നാളെ. ബിർമിംഹാമിലെ എഡ്ജ്ബസ്റ്റൺ സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ഒരു മാസം നീളുന്ന T20 മത്സരങ്ങളുടെ ഫൈനൽ അടുത്ത മാസം 5 ന് ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും.

&&&&&&&&&&&&&&&&&&

## സെൻസസ്

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം സംസ്ഥാനത്ത് ഈ മാസം 16 മുതൽ 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ ഒന്നാം ഘട്ടം. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സെൻസസാണ് ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ് നിയന്ത്രണങ്ങൾ

ലക്ഷദ്വീപിൽ പ്രതിഷേധ സമരങ്ങൾക്ക് 60 ദിവസത്തേക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് അനിഷ്ട സംഭവങ്ങളും ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കുന്നതിനാണെന്ന് കലക്ടർ ശിവം ചന്ദ്ര. ജനങ്ങളുടെ അവകാശങ്ങൾ തടയാൻ ഉദ്ദേശമില്ലെന്നും കലക്ടർ വ്യക്തമാക്കി. അതേസമയം, ലക്ഷദ്വീപിലെ നിയന്ത്രണങ്ങൾ പിൻവലിക്കാൻ ആവശ്യപ്പെട്ട് CPI(M) രാജ്യസഭാ അംഗം V . ശിവദാസ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തയച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

## നവകേരള യാത്ര - ചോദ്യം ചെയ്യൽ

നവകേരള യാത്രക്കിടെ പ്രതിഷേധിച്ചവരെ മർദിച്ച കേസിൽ മുൻ മുഖ്യമന്ത്രിയുടെ ഗൺമാൻ ഉൾപ്പെടെയുള്ള അഞ്ച് പോലീസുകാരുടെ ചോദ്യം ചെയ്യൽ പൂർത്തിയായി. മൂന്ന് ദിവസത്തെ ചോദ്യം ചെയ്യലിന് ശേഷം പ്രതികളെ അറസ്റ്റ് രേഖപ്പെടുത്താതെ വിട്ടയച്ചു.

&&&&&&&&&&&&&&&&&&

## ശബരിമല

മിഥുന മാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി ശ്രീകോവിൽ തുറന്ന് നെയ്യിരി തെളിയിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM